**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **30-08-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ കുഴിയടയ്ക്കണമെന്ന ഹൈക്കോടതി നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതകളിലും പൊതുമരാമത്ത് റോഡുകളിലുമുള്ള കുഴിയടയ്ക്കണമെന്ന കേരള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുഴിയടയ്ക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാതാ അതോറിറ്റിക്ക് കീഴിലെ ദേശീയപാത അറ്റകുറ്റപ്പണി നടത്തേണ്ട ചുമതല ദേശീയപാതാ അതോറിറ്റിക്ക് ആണ്. ദേശീയപാതയിലെ കുഴികളെ സംബന്ധിച്ച് നിരന്തരം ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നുണ്ട്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിപാലനത്തിനായി Ordinary Repair(OR)ലും, Flood Damage Repair(FDR)ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് കൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി ലഭിക്കാറുണ്ട്. ഇത് ഉപയോഗിച്ച് സ്ഥായിയായി അറ്റകുറ്റപണി നടത്തി ഗതാഗതയോഗ്യമാക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ FDR-ൽ ഉൾപ്പെടുത്തി 538.93 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ 8.45 കോടി രൂപ FDR-ൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റപ്പണിക്കായി 14 പ്രവൃത്തികൾക്കായി 8184961.16/-രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നോൺപ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 2100 കി.മീ റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുമുണ്ട്. എല്ലാ റോഡുകളുടെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കുഴിയടയ്ക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടോ എന്നും ഇപ്പോഴത്തെ കുഴിയടക്കൽ ഈ മാനദണ്ഡ പ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും IRC, MoRTH എന്നിവയിലെ സ്പെസിഫിക്കേഷൻസ് പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾ പ്രകാരവുമാണ് നടത്തുന്നത്. പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പു വരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. കുഴികൾ അടയ്ക്കുന്നതിന് പ്രീമിക്സ്ഡ് പോട്ട്ഹോൾ ഫില്ലിംഗ് മെറ്റീരിയൽ മാനദണ്ഡങ്ങൾക്കനുസൃതമായി ഉപയോഗിച്ച് വരുന്നു. കൂടാതെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന എല്ലാ സാധനസാമഗ്രികളും ബന്ധപ്പെട്ട ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ പരിശോധിച്ച് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ നിന്നുള്ള ഗുണ നിലവാര പരിശോധനകൾക്കും ശേഷം മാത്രമാണ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. |
| (സി) | ദേശീയപാതയിൽ പതിവ് അറ്റകുറ്റപ്പണികൾ നടത്തണമെന്നും റോഡിന്റെ ഉപരിതലം അഞ്ചുവർഷത്തിലൊരിക്കൽ പുതുക്കണമെന്നുമുള്ള നിബന്ധനകൾ പാലിക്കാത്ത കമ്പനികളെ ടോൾ പിരിക്കുന്നതിൽ നിന്നും തടയുന്നതടക്കമുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (സി) | വ്യവസ്ഥകൾ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പൊതുമരാമത്ത് റോഡുകളിൽ ഇപ്പോൾ കാണുന്ന കുഴികൾ എന്നത്തേക്ക് അടയ്ക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രതികൂല കാലാവസ്ഥയ്ക്കിടയിലും പൊതുമരാമത്ത് വകുപ്പ് നിരത്തുകളിൽ കുഴി അടയ്ക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ